**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 317** **27-10-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സേനയെ ശാക്തീകരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിരുന്നെന്നും എത്രപേരെ വിവിധ തസ്തികകളിൽ പുതുതായി നിയമിച്ചിരുന്നെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (എ) | പോലീസ് വകുപ്പ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ വിവിധ വിഭാഗങ്ങളിലായി 4193 സ്ഥിരം തസ്തികകളും 853 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിരുന്നു. ഇതേ കാലയളവിൽ പോലീസ് വകുപ്പിൽ വിവിധ തസ്തികകളിലായി 13499 ഉദ്യോഗാർത്ഥികളെ പുതുതായി നിയമിച്ചിട്ടുണ്ട്. |
| (ബി) | ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിച്ചതും ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ. മാരായി നിയമിച്ചതും പോലീസിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതുതായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് 477 Law & Order പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.മാരായി നിയമിച്ചിട്ടുണ്ട്. രണ്ട് സബ് ഇൻസ്പെക്ടർമാർ നിലവിലുള്ള ഈ പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും വേർതിരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട് സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ. മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചതുമൂലം ഓരോ പോലീസ് സ്റ്റേഷന്റെയും ഭരണപരമായ കാര്യങ്ങളും മറ്റുമുള്ള പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാകുകയും പൊതുജനങ്ങളുടെ ആവലാതികൾ എസ്.എച്ച്.ഒ.മാരായ ഇൻസ്പെക്ടർമാർ കേൾക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഈ പരിഷ്കാരം വഴി കേസന്വേഷണത്തിലും ക്രമസമാധാന പാലനത്തിലും ശക്തമായി ഇടപെടാനും അതുവഴി പൊതുജനങ്ങൾക്ക് പരാതിക്ക് ഇടനൽകാത്തവിധം പോലീസിന് പ്രവർത്തിക്കുവാനും സാധിക്കുന്നു. ഇത്തരം പരിഷ്കാരം പൊതുജനങ്ങൾക്കിടയിൽ പോലീസിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും പൊതു സമൂഹത്തിൽ ജനസൗഹൃദ പോലീസ് എന്ന അവബോധം വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പരാതിയുമായെത്തുന്നവരോടും സഹായം തേടുന്നവരോടും പൊതുജനങ്ങളോടും പോലീസ് സേനയിലെ ഒരു വിഭാഗം അപമര്യാദയായി പെരുമാറുകയും കുറ്റവാളികളുമായി സൗഹൃദം പുലർത്തുകയും ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണത അവസാനിപ്പിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും ഏതൊരാൾക്കും ഏത് സമയത്തും പോലീസ് സ്റ്റേഷനിൽ നിർഭയം കടന്നു വരുന്നതിനും പോലീസ് സ്റ്റേഷനുക ളിലെ സേവനങ്ങൾ ലഭിക്കുന്നതിനുള്ള സാഹചര്യമാണ് നിലവിലുള്ളത്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങളിൽ ആരോപണം ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ